**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *68 — 30.10.2019 ൽ മറുപടിയ്ക്ക്

# വേൾഡ് സ്കിൽസ് ലൈസിയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ. എം.ഉമ്മർ<br>ഡോ.എം. കെ. മുനീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| **(എ)** സംസ്ഥാനത്ത് യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | **(എ)** വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന വിവിധ തൊഴിലധിഷ്ഠിത നൈപുണ്യവികസന പദ്ധതികൾ നടപ്പാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താല്പര്യം കണക്കിലെടുത്തുകൊണ്ട് മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്ന വിധത്തിലാണ് പരിശീലന പദ്ധതികൾ വിഭാവനം ചെയ്യുന്നത്. നിരന്തരം തൊഴിൽ മേഖലയിലെ ആവശ്യകതകൾ മനസ്സിലാക്കി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതികൾ ആണ് KASE ആവിഷ്കരിച്ച് വരുന്നത്.<br>നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1.സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>2.ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)<br>3.അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ<br>4.കൗശൽ കേന്ദ്രകൾ<br>5.കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)<br>6.സ്റ്റേറ്റ് ജോബ് പോർട്ടൽ<br>7.സ്കിൽ രജിസ്ട്രി<br>ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ |

| | |
|---|---|
| | 1. എംപ്ലോയബിലിറ്റി സെന്ററുകൾ<br>2. കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ<br>ഇതിനു പുറമെ നൈപുണ്യ പരിശീലനത്തിനായി ആവിഷ്കരിച്ച കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജനയുടെ (PMKVY) Centrally Sponsored State Managed (CSSM) ഘടകം സംസ്ഥാനത്ത് KASE മുഖേന നടപ്പിലാക്കി വരുന്നു.<br>കാലഹരണപ്പെട്ട ട്രേഡുകൾക്ക് പകരം തൊഴിൽ നേടുന്നതിന് സാദ്ധ്യമാകുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഉൾക്കൊള്ളിച്ചു കൊണ്ട് സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിലൂടെ വിവിധ പരിശീലന പരിപാടികളും നടത്തി വരുന്നു. |
| **(ബി)** പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി വേൾഡ് സ്കിൽസ് ലൈസിയം സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;<br><br>**(സി)** പ്രസ്തുത ലൈസിയം സ്ഥാപിക്കുന്നതിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ? | **(ബി) യും (സി) യും**<br>വേൾഡ് സ്കിൽ ലൈസിയം സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വിചക്ഷണർ, വ്യവസായ പ്രമുഖർ, വിവിധ സ്ഥാപനങ്ങൾ /വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന സ്കിൽ സെക്രട്ടേറിയേറ്റായ KASE-ന്റെ തിങ്ക് ടാങ്ക് ആയി പ്രവർത്തിക്കുക എന്നതാണ് വേൾഡ് സ്കിൽ ലൈസിയത്തിന്റെ പ്രഥമ ലക്ഷ്യം. ലൈസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>നൈപുണ്യത്തിനു വേണ്ടിയുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ, നൈപുണ്യ നയ രൂപീകരണത്തിനാവശ്യമായ വിവരങ്ങളുടെ ശേഖരണം, നൈപുണ്യ നയത്തിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ നൈപുണ്യ വികസന പരിപാടികൾ വിഭാവനം ചെയ്യുക, സർക്കാർ ഏജൻസികളിൽ നിന്നും നൈപുണ്യ വികസന പ്രവർത്തനങ്ങൾക്കനുയോജ്യമായ വിഭവങ്ങൾ ശേഖരിക്കുക, ഗുണനിലവാരം ഉറപ്പു വരുത്തുക, സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ലൈസിയം സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. |

Bindu

സെക്ഷൻ ഓഫീസർ